നം.കെ.എസ്.എ-കെ.ടി.എം.പി11/936/2019 തീയതി : 11.07.2019

# കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 30.04.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.06.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.06.2019 മുതൽ 20.06.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ(ഹ.ഗ്രേ) |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജയ ജേക്കബ് | 1.04.2018 മുതൽ 27.11.2018 വരെ |
| | ശ്രീമതി ഫിലോമിന റജി(ആക്ടിംഗ് പ്രസിഡന്റ്) | 28.11.2018 മുതൽ 16.12.2018 വരെ |
| | ശ്രീമതി ബിനു സജീവ് | 17.12.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.ഷൈജു വർഗീസ് | 1.04.2018 മുതൽ 26.6.2018 വരെ |
| | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ.<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്) | 26.6.2018 മുതൽ 30.6.2018 വരെ |
| | ശ്രീ.മിഥുൻ കൈലാസ് സി.എ. | 2.7.2018 മുതൽ 20.10.2018 വരെ<br>20.10.2018 മുതൽ 19.11.2018 വരെ |
| | ശ്രീ.സെൻകുമാർ എസ്.<br>(കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ്) | 21.11.2018 മുതൽ 3.12.2018 വരെ |
| | ശ്രീമതി രേഖ എം.കെ. | 4.12.2018 മുതൽ 31.3.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി യമുന ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈബി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി മരിയ ഗൊരോത്തി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീ.അരുൺ പി.സുരേന്ദ്രൻ | 01.04.2018 മുതൽ 19.11.2018 വരെ |
| | ശ്രീമതി ആൻസി ജോസഫ് | 01.04.2018 മുതൽ 19.11.2018 വരെ |
| | ശ്രീ.പദ്മകുമാർ പി.ജി. | 19.11.2018 മുതൽ 31.3.2019 വരെ |
| | ശ്രീ.മാർട്ടിൻ ജോസഫ് | 15.1.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി..എച്ച്.സി. | ഡോ.അരുൺ സി.ദാസ് | 01.04.2018 മുതൽ 10.04.2018 വരെ |
| | ഡോ.പ്രിയ എം.ടി. | 11.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബെൻഷാ ബഷീർ | 01.04.2018 മുതൽ 31.03.20189 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അരുൺരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു.എം.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി അന്നമ്മ ജോൺ | 01.04.2018 മുതൽ 07.07.2018 വരെ |
| | ശ്രീ.ലിയോ എൽ.ജോസ്(അഡീ.ചാർജ്) | 08.07.2018 മുതൽ 14.09.2018 വരെ |
| | ശ്രീ.സലിൽ ക്ലീറ്റസ്(അഡീ.ചാർജ്) | 15.09.2018 മുതൽ 02.11.2018 വരെ |
| | ശ്രീ.ബെന്നി തോമസ് | 03.11.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റൊണാൾഡ് വിത്സൺ | 1.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അപാകതകൾ |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വസ്തുനികുതി-നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകതകൾ |
| 2-2 | വസ്തുനികുതി നിർണ്ണയം-സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 2-3 | ജീവനക്കാരുടെ/സ്ഥാപനത്തിന്റെ തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല |
| 2-4 | കെട്ടിടനിർമ്മാണാനുമതി-കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പാർപ്പിടാവശ്യത്തിനുള്ള പെർമിറ്റ് നൽകി |
| 2-5 | കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ |
| 2-6 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ |
| 2-7 | സ്പിൽ ഓവർ പ്രോജക്ടുകളുടെ ആധിക്യം-2019-20ലെ ബജറ്റ് വിഹിതത്തിൽ ഭീമമായ നഷ്ടം |
| 2-8 | ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കിയില്ല |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(എസ്.സി.പി.). അധിക തുക നൽകിയത് |
| 3-2 | ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾക്ക് അളവ് രേഖപ്പെടുത്തി തുക നൽകിയത് |
| 3-3 | ഡിപ്പോസിറ്റ് പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാർ ചമയ്ക്കാത്തത് |
| 3-4 | ബാലസഭ-പ്രോജക്ടിന് അനുവദനീയമായതിലും അധികം തുക പിൻവലിച്ചു |
| 3-5 | കറവപ്പശു വിതരണം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-6 | പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ബിന്നുകൾ വാങ്ങൽ-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല |
| 3-7 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമായില്ല |

| | |
|---|---|
| 3-8 | പാലങ്ങളുടെ നിർമ്മാണം-അപ്രോച്ച് റോഡുകൾ പൂർത്തിയാക്കാത്തതിനാൽ ഗതാഗതയോഗ്യമായില്ല |
| 3-9 | പഠനോപകരണ വിതരണം(എസ്.സി.പി.)പ്രോജക്ട് നടത്തിപ്പിൽ അപാകതൾ |
| 3-10 | മൊബൈൽ സാന്ത്വന യൂണിറ്റ് ധനസഹായം-സംബന്ധിച്ച് |
| 3-11 | ഉറവിട മാലിന്യ സംസ്കരണം-തുക ഒടുക്കി-പ്രവൃത്തി ആരംഭിച്ചില്ല |
| 3-12 | വനിതകൾക്ക് യോഗ പരിശീലനം-സംബന്ധിച്ച് |
| 3-13 | ചെറുകിട വ്യവസായം-സ്വയം തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയം |
| 3-14 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ-നാളിതുവരെ മരുന്ന് ലഭ്യമായില്ല |
| 3-15 | പ്രൊക്യുവർമെന്റ് കമ്മിറ്റി ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല |
| 3-16 | കന്നുകുട്ടി പരിപാലനം സംബന്ധിച്ച് |
| 3-17 | പഠനമുറി(എസ്.സി.പി.)-നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-18 | പ്രോജക്ട് നം.244/19-കുടുംബശ്രീ ഗ്രാന്റ്-സംബന്ധിച്ച് |
| 3-19 | ലൈഫ് ഭവന പദ്ധതി അവലോകനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 26.03.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| | | |

| | | |
|---|---|---|
| മുന്നിരിപ്പ് | 16,29,799 | 1,06,02,559 |
| വരവ് | 20,55,01,000 | 12,66,60,387 |
| ആകെ | 20,71,30,799 | 13,72,62,946 |
| ചെലവ് | 20,52,17,859 | 11,67,41,235 |
| നീക്കിയിരിപ്പ് | 19,12,940 | 2,05,21,711 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 28.05.2019 | തിരിച്ചയച്ചില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 20, 21.5.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 23.5.2019 ലെ കെ.എസ്.എ-കെ.ടി.എം.പി.11/625/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,06,02,559 |
| വരവ് | 12,66,60,387 |
| ആകെ | 13,72,62,946 |
| | |

| | |
|---|---|
| ചെലവ് | 11,67,41,235 |
| നീക്കിയിരിപ്പ് | 2,05,21,711 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,17,33,638 | 2,17,33,638 | 1,86,95,987 | 30,37,651 |
| വികസനഫണ്ട് എസ്.സി.പി. | 0 | 40,64,000 | 40,64,000 | 40,13,950 | 50,050 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12,57,000 | 12,57,000 | 11,37,832 | 1,19,168 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,68,54,000 | 1,68,54,000 | 1,00,18,236 | 68,35,764 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 44,68,000 | 44,68,000 | 23,73,786 | 20,94,214 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,00,92,000 | 1,00,92,000 | 87,12,430 | 13,79,570 |
| എസ്.ബി.ടി., സീറോബാലൻസ് | 48,782 | 1,15,841 | 1,64,623 | 0 | 1,64,623 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 9,92,657 | 1,24,05,871 | 1,33,98,528 | 37,73,704 | 96,24,824 |
| എസ്.സി.ബി. ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3,052 | 122 | 3,174 | 0 | 3,174 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 430 | 2,57,24,527 | 2,57,24,957 | 2,57,21,159 | 3,798 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 2,44,000 | 1,04,62,527 | 1,07,06,527 | 67,65,560 | 39,40,967 |
| ബി ഫണ്ട് | 0 | 4,66,59,500 | 4,66,59,500 | 4,66,59,500 | 0 |
| ജലനിധി | 28,52,527 | 1,81,52,176 | 2,10,04,703 | 1,85,64,796 | 24,39,907 |
| തനതുഫണ്ട് | 58,85,466 | 1,02,01,051 | 1,60,86,517 | 1,52,58,425 | 8,28,092 |
| ക്യാഷ് | 10,365 | 28,283 | 38,648 | 10,365 | 28,283 |

# 1-6 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 17.2.2018 ൽ ചേരുകയുണ്ടായി. 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെടുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. എന്നാൽ മതിയായ ചർച്ചകളോ ക്രിയാത്മക നിർദ്ദേശങ്ങളോ ഉണ്ടായിരുന്നതായി മിനിറ്റ്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. പല ഗ്രൂപ്പുകളും പദ്ധതിനിർദേശങ്ങൾ നല്കിയിരുന്നുവെങ്കിലും മതിയായ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് അവ രൂപീകരിച്ചത് എന്ന് ഉറപ്പാക്കാനാവുന്നില്ല.

പദ്ധതി രൂപീകരണത്തിനായുള്ള വാർഡടിസ്ഥാനത്തിലുള്ള ഗ്രാമസഭകൾ 22.2.2018 മുതൽ 28.2.2018 വരെയുള്ള കാലയളവിൽ ചേർന്നിട്ടുണ്ട്. എന്നാൽ പല മീറ്റിംഗുകളും ക്വോറം തികയാതെ ചേർന്നതായാണ് മിനിറ്റ്സുകളിൽനിന്ന് വ്യക്തമാകുന്നത്. എന്നാൽ ഇപ്രകാരമുള്ള സംഗതികളിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. പല മിനിറ്റ്സുകളിലും യോഗനടപടികൾ, ചർച്ചകൾ, തീരുമാനങ്ങൾ എന്നിവ ചേർത്ത് പൂർത്തീകരിച്ച് കൺവീനർ, കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പുവച്ചിട്ടുമില്ല. ഇപ്രകാരം തികച്ചും

നിരുത്തരവാദപരമായാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അടിസ്ഥാനമായ ഗ്രാമസഭായോഗം സംഘടിപ്പിക്കുന്നതും മിനിറ്റ്സ് സൂക്ഷിക്കുന്നതും. ഭരണവകുപ്പിന്റെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട വികസനസെമിനാർ 14.3.2018 ൽ ചേർന്നതായി മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 96 പേരുടെ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ തീരുമാനങ്ങളടക്കമുള്ള വിവരങ്ങൾ ചേർത്ത് പൂർത്തീകരിച്ചിട്ടില്ല. 11.2.2019 ലെ പഞ്ചായത്ത് കമ്മിറ്റി 1(4) തീരുമാനമായി അന്തിമമായി അംഗീകരിച്ച പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി 15.2.2019 ലെ 490/DPO/DPC/KTM നമ്പരായി അംഗീകാരം നല്കി.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 323 | 18,26,21,577 | 142 | 7,90,10,699 | 49 | 132 | 44 |

അംഗീകാരം ലഭിച്ച 323 പ്രോജക്ടുകളിൽ 132 എണ്ണവും നടപ്പാക്കിയില്ലയെന്നത് പദ്ധതി നിർവ്വഹണത്തിലെ സ്ഥാപനത്തിന്റെ ശുഷ്കാന്തിയില്ലായ്മയുടെ തെളിവാണ്. വാർഡടിസ്ഥാനത്തിൽ തുക വീതംവച്ച് നിരവധി പ്രോജക്ടുകളാണ് തയാറാക്കിയത്. ദീർഘവീക്ഷണമോ മതിയായ ഉൾക്കാഴ്ചയോ പ്രോജക്ടുകളുടെ രൂപീകരണത്തിലുണ്ടായില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 14 | 12 | 37,06,195 | 11,54,604 | വികസന കാര്യം |
| 2 | വെറ്ററിനറി സർജൻ | 10 | 9 | 62,62,000 | 33,69,920 | വികസന കാര്യം |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 3 | 3 | 13,80,000 | 13,29,400 | ആരോഗ്യം-വിദ്യാഭ്യാസം |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 3,00,000 | 3,00,000 | ആരോഗ്യം-വിദ്യാഭ്യാസം |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 7,00,000 | 6,97,542 | ആരോഗ്യം-വിദ്യാഭ്യാസം |
| 6 | വി.ഇ.ഒ. | 15 | 13 | 8,75,34,075 | 2,86,30,963 | വികസന കാര്യം, ക്ഷേമകാര്യം |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 7 | 62,54,704 | 55,37,054 | ക്ഷേമകാര്യം |
| 8 | സെക്രട്ടറി | 34 | 21 | 1,52,11,466 | 1,00,46,191 | വികസന കാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്ഷേമകാര്യം |
| 9 | അസിസ്റ്റന്റ് എൻജിനീയർ | 214 | 131 | 5,54,13,962 | 2,37,58,027 | വികസന കാര്യം |
| 10 | ഹെഡ്മാസ്റ്റർ | 4 | 4 | 6,00,000 | 4,93,700 | ആരോഗ്യം-വിദ്യാഭ്യാസം |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1,90,000 | 1,90,000 | വികസനം |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 10 | 50,69,175 | 35,03,298 | ക്ഷേമം |
| **ആകെ** | | **323** | **214** | **18,26,21,577** | **7,90,10,699** | |

കാർഷികമേഖലയിൽ ജലസേചനകിണർ റീചാർജിംഗ് എന്ന പ്രോജക്ടാണ് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൃഷിഓഫീസർ നടപ്പിലാക്കിയവയിൽ വ്യത്യസ്തമായി കാണപ്പെട്ടത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ലയെന്നത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പോരായ്മയാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈപ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വനിതകൾക്ക് യോഗപരിശീലനം എന്ന പ്രോജക്ട് വ്യത്യസ്തത പുലർത്തി.

എസ്.സി., എസ്.റ്റി. വിഭാഗങ്ങളിൽപെട്ടവർക്കുൾപ്പെടെയുള്ള ലൈഫ് ഭവനപദ്ധതിയാണ് വി.ഇ.ഒ നടപ്പാക്കിയ ഏറ്റവും വലിയ പ്രോജക്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കപ്പെട്ട പ്രോജക്ടും ഇതാണ്. വീടുകളുടെ നിർമാണം വിവിധഘട്ടങ്ങളിലായി നടന്നുവരുന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. പല അങ്കണവാടികളിലും ശുദ്ധജലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇതിനായി പ്രോജക്ടുകൾ വെച്ച് ജല ദൗർലഭ്യം പരിഹരിക്കേണ്ടതാണ്. അങ്കണവാടികളുടെ മോണിട്ടറിംഗ്& വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകളും അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്നില്ല.

എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠനോപകരണവിതരണം ഉൾപ്പെടെ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പരിഗണനയിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് ഹെഡ്മാസ്റ്റർ നടപ്പിലാക്കിയത്.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, പോസ്റ്റ് ഷിഫ്റ്റിംഗ്, ഇടക്കുന്നം പി.എച്ച്.സി വികസനം, അങ്കണവാടി നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം നല്കൽ, പഞ്ചായത്തിലേക്ക് വാഹനം വാങ്ങൽ, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവയാണ്. 214 പ്രോജക്ടുകളാണ് തയാറാക്കി അംഗീകാരം വാങ്ങിയത്. എന്നാൽ നടപ്പിലാക്കിയത് 131 എണ്ണം മാത്രം. രണ്ട് പാലങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട് സ്പിൽ ഓവറുൾപ്പെടെ 5 പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും അപ്രോച്ച് റോഡ് പൂർത്തിയാകാത്തതിനാൽ പാലം ഗതാഗതയോഗ്യമായിട്ടില്ല. നിരവധി പ്രോജക്ടുകളാണ് നിർവഹണോദ്യോഗസ്ഥൻ, വികസനസ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഉത്തരവാദിത്ത രാഹിത്യം മൂലം നടപ്പാകാതിരുന്നത്.

അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി,പഞ്ചായത്ത് ഭരണസമിതി തുടങ്ങി എല്ലാഭാഗത്തുനിന്നും സംയോജിതമായ നീക്കം ഉണ്ടാവണം. ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിന് പകരം കൂടുതൽ മുതൽ മുടക്കുള്ള ബൃഹദ് പ്രോജക്ടുകളേറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിലുള്ള പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകളാണ് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയത്. വാട്ടർടാങ്ക് വിതരണം, വയോജനങ്ങൾക്ക് കട്ടിൽ വിതരണം, ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ, പൂർത്തീകരണഘട്ടങ്ങളിൽ മോണിട്ടറിംഗ്സമിതിയായി പ്രവർത്തിക്കണമെന്നാണ് സർക്കാർ നിഷ്കർഷയെങ്കിലും നിർവഹണം നടത്തിയ ഒരു പ്രോജക്ടിനും മോണിട്ടറിംഗ് ഉണ്ടായിട്ടില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജനമുൾപ്പെടെ കാര്യമായ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നില്ലയെന്നതിലൂടെ നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അവഗണിക്കുകയാണുണ്ടായത്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പുപദ്ധതി

ദേശീയതൊഴിലുറപ്പുപദ്ധതി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നുവെന്നാണ് ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നത്. ലേബർ ബജറ്റ് പ്രകാരം 2018-19 വർഷം വിഭാവനം ചെയ്ത 199 പ്രോജക്ടുകൾക്കും സാങ്കേതികാനുമതി ലഭിച്ചിരുന്നു.അവയിൽ 93 എണ്ണം പൂർത്തീകരിച്ചു. ആകെ 85750 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. റബ്ബർകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഇടക്കയ്യാലനിർമാണം, തോട് ആഴംകൂട്ടൽ തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്തിരുന്നത്. പദ്ധതിയുടെ വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 430 | 4,02,398 | 4,02,828 | 3,99,030 | 3,798 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 2,53,25,497 | 2,53,25,497 | 2,53,25,497 | - |
| **ആകെ** | 430 | 2,57,27,895 | 2,57,28,325 | 2,57,24,527 | 3,798 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 28 | 25,800 |
| കർഷകതൊഴിലാളി പെൻഷൻ | 788 | 32,61,300 |
| വിധവാപെൻഷൻ | 2195 | 94,20,500 |
| വാർദ്ധക്യകാലപെൻഷൻ | 6540 | 2,87,20,700 |
| വികലാംഗപെൻഷൻ | 986 | 42,75,500 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള | 111 | 4,80,700 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 15 | 4,50,000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.6.2019 ൽ 3.45 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,903/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്.

വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിപ്പും തൃപ്തികരമാണ്. എന്നാൽ പല കമ്മിറ്റിതീരുമാനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പട്ട നിലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. കാഷും, ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക്അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നീ പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് തട്ടിപ്പുകൾക്കിടയാക്കുമെന്നതിനാൽ ഈ പ്രവൃത്തികൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവശ്യം വേണ്ട പല വിശദാംശങ്ങളും വൗച്ചറുകൾക്കൊപ്പം വച്ചിട്ടില്ല എന്നത് വൗച്ചറുകളുടെ ആധികാരികത ഇല്ലാതാക്കുന്നു.

നികുതികളിലെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. വസ്തുനികുതിയിനത്തിലെ ഭീമമായകുടിശ്ശിക നടപടികളിലെ ഫലപ്രാപ്തിയില്ലായ്മയെ കാണിക്കുന്നു. വാർഷികകണക്കുകൾ പ്രകാരം തൊഴിൽനികുതി, വാടക, ഡി&ഒ ലൈസൻസ് ഇനങ്ങളിലും കുടിശ്ശികകൾ നിലനിൽക്കുന്നതായി കാണുന്നു. വാസഗൃഹം ഇനത്തിൽപെടുത്തി വസ്തുനികുതി നിർണയിച്ച പല കെട്ടിടങ്ങളിലും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. പഞ്ചായത്ത് അതിർത്തിയിലെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിലൂടെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ആഭ്യന്തരനിയന്ത്രണത്തിൽ കാര്യക്ഷമതയില്ലായ്മ നിലനിൽക്കുന്നു.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമല്ല. പ്രൊക്യൂവർമെന്റ് കമ്മിറ്റിയോഗങ്ങൾ പ്രഹസനമായി മാറിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും പ്രോജക്ടുകളുടെ രൂപീകരണനിർവ്വഹണ നടപടികൾ തൃപ്തികരമല്ല.

ആസ്തിവിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിലുള്ള റോഡുൾപ്പെടെയുള്ള പല ആസ്തികളുടെയും യാഥാർഥ വസ്തുത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്.
ഓഡിറ്റ് റിപ്പോർട്ടുകൾ 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 15ൽ അനുശാസിക്കും വിധം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതായി കാണുന്നില്ല. ചട്ടപ്രകാരമുള്ള നടപടികൾ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനം മതിയായ കാര്യക്ഷമത ഇനിയും കൈവരിച്ചിട്ടില്ലയെന്നാണ് പരിശോധനകളിൽ നിന്നും വ്യക്തമാകുന്നത്.
മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടാണ് വനിതകൾക്ക് യോഗ പരിശീലനം (പ്രോ.നം.254/19). സബ്സിഡി മാർഗരേഖ സ.ഉത്തരവ്(കൈ)നം.22/ 2018/ ത.സ്വ.ഭ.വ.തിരുവനന്തപുരം, തീയതി 14.02.18 ഖണ്ഡിക 7.5.5. പ്രകാരം യോഗ പരിശീലകർക്ക് ഒരു സെഷന്

400/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000/- രൂപ നൽകാം എന്നാണ് പറഞ്ഞിട്ടുള്ളത്. ടി പ്രോജക്ട് നടപ്പാക്കിയപ്പോൾ യോഗമാറ്റ് വാങ്ങി നൽകിയതായി കാണുന്നു. ആയതിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പഞ്ചാബ് സ്പോർട്സ് ലിങ്കേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും മാറ്റൊന്നിന് 390/- രൂപ നിരക്കിൽ 114 മാറ്റ് വാങ്ങിയിരുന്നു. എന്നാൽ തൻ വർഷം ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ, പഴമല നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ സ്കൂളുകൾക്ക് യോഗ- തായ്ക്കോണ്ട പരിശീലനം (നം.243/19)എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ സിറ്റി ഗാർമെൻസ്, മുണ്ടക്കയം എന്ന സ്ഥാപനം യോഗമാറ്റ് ഒന്നിന് 250/- രൂപ ക്വോട്ട് ചെയ്യുകയും ആയത് അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്നും 82 മാറ്റുകൾ 250/- രൂപ നിരക്കിൽ വാങ്ങുകയും ചെയ്തിരുന്നു. ഒരേ സാമ്പത്തിക വർഷം തന്നെ നടപ്പാക്കിയ പ്രോജക്ടിന് കൂടുതൽ നിരക്കിൽ പർച്ചേസ് ഓർഡർ നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/18-19/11.06.19), ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ, പഴമല നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടിനായി യോഗാമാറ്റ് വാങ്ങിയത് അറിയില്ലായിരുന്നു എന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിലെ പർച്ചേസ് കമ്മറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതിനാലാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നത്. ഒരു സാമ്പത്തിക വർഷത്തേക്കുള്ള ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും അപ്രകാരം വാങ്ങലുകൾ നടത്തേണ്ടതുമാണ്. പഞ്ചായത്തിലെ പർച്ചേസ് കമ്മറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പർച്ചേസ് കമ്മറ്റി ഫലപ്രദമായി പ്രവർത്തിച്ചിട്ടില്ലാ എന്ന് കാണുന്നു. മിനിട്സ് ബുക്ക് എഴുതിയിട്ടില്ല. പ്രൊക്യൂവർമെന്റ് മാന്വൽ അനുസരിച്ച് വാങ്ങലുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും പർച്ചേസ് കമ്മറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഭരണസമിതി തലത്തിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2019 | 4/19 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2017 മുതൽ 10.11.2017 വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചില്ല. |

# 1-12 വാർഷിക കണക്കുകളുടെ അപാകതകൾ

23.05.2019 തീയതിയിലെ കെ.എസ്.എ-കെ.ടി.എം.പി11/625/2019 പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിലെ 5, 6, 7, 10 എന്നീ ക്രമ നമ്പരുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടുള്ളതായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011 ലെ ജി.ഒ(എം.എസ്)152/11 ലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് ചെയ്തിട്ടില്ല.

2) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3) വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) പഞ്ചായത്ത് നൽകിയതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക,കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5) തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) വിവിധ പദ്ധതികളുടെ പാർട്ട് ബിൽ, ഫൈനൽ ബിൽ എന്നിവ നൽകിയത് സംബന്ധിച്ചുള്ള വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7) എം.ജി.എൻ.ആർ.ഇ.ജി.എ.യുടെ തൻവർഷത്തെ യഥാർത്ഥ ഭരണച്ചെലവ് 3,99,030 രൂപയാണ്. എന്നാൽ ഭരണച്ചെലവായി റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 1,34,000 രൂപ മാത്രമാണ്(ശീർഷകം 251300801).

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകതകൾ

(എ) കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

ശ്രീമതി ലിസി ഏലിയാസ് എലിസബത്ത്, കൊക്കാപ്പള്ളിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 771ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള 17/633 നം.കെട്ടിടം 100 ച.മീ ൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 2011ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 14.01.2011 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച നികുതിയാണ് ചുമത്തേണ്ടിയിരുന്നത്. സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ തെറ്റായി 100ച.മീ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഗണത്തിൽ അസസ്സ്മെന്റ് നടത്തിയതാണെന്നും ടി അപാകത പരിഹരിച്ചുകൊള്ളാമെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി(നം.16 തീയതി 18.6.19) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല

(i) ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ശ്രീ.കെ.എ.ജോസ്, കൊല്ലംകുളം എന്നയാൾക്ക് 17/114 B നം.കെട്ടിടത്തിൽ (ഡി&ഒ രജിസ്റ്റർ ക്രമനം.10) "finishing work of mats and rugs" എന്ന വ്യവസായം നടത്തുന്നതിനും 17/106 C നം.കെട്ടിടത്തിൽ (ക്രമ നം.11) “Manufacturing of PVC Rubber,Coir mats” എന്ന വ്യവസായം നടത്തുന്നതിനും ലൈസൻസ് നൽകിയിട്ടുണ്ട്. യഥാക്രമം 540ച.മീ,1140 ച.മീ തറവിസ്തീർണ്ണമുള്ള മേൽപ്പറഞ്ഞ കെട്ടിടങ്ങൾ കൈത്തറി/കയർപിരി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. അതുപോലെ, ഇന്ദു റോബിൻ, കരികലക്കാവുങ്കൽ എന്നയാൾ ഡിസൈനർ പേവിംഗ് ബ്ലോക്ക് നിർമ്മാണം, വില്പനയ്ക്കായി ഉപയോഗിക്കുന്ന 4/2 നം.കെട്ടിടം (600ച.മീ)കൈത്തറി/കയർപിരി ഷെഡ്-സ്റ്റോറേജ് ഷെഡ് എന്ന ഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16) മേൽ പരാമർശിച്ച കെട്ടിടങ്ങളുടെയും അപാകതകളുള്ള മറ്റ് കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ii) ചാമുണ്ടി ഹിൽപാലസ് ആയുർവേദ റിസോർട്ട്-നികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാമുണ്ടി ഹിൽ പാലസ് ആയുർവേദിക് റിസോർട്ട് വർഷങ്ങളായി പ്രവർത്തിക്കുന്നതായി കാണുന്നു. ആയുർവേദ റിസോർട്ടുകളുടെ ഗണത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു കെട്ടിടവും ഗ്രാമപഞ്ചായത്തിലില്ല. ശ്രീമതി വി.ജി.ഷീല, ദേവപ്രഭ എന്നയാൾ ചാമുണ്ടി ഹിൽപാലസിൽ ആയുർവേദ സെന്റർ നടത്തുന്നതിന് 28.04.2018ലെ എ6-966/18പ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. 2019-20 ലും ടി സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. ശ്രീമതി കെ.സി.സരോജം, ഉദയമംഗലത്തിന്റെ ഉടമസ്ഥതയിലുള്ളതും ആശുപത്രികളുടെ ഗണത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമായ 8/470(240ച.മീ),8/472(124ച.മീ),8/474(117ച.മീ), 8/475 (245ച.മീ) നമ്പർ കെട്ടിടങ്ങളും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള

8/471(36ച.മീ),8/473(243ച.മീ), 8/474എ(580ച.മീ) നമ്പർ കെട്ടിടങ്ങളും ആയുർവേദ റിസോർട്ടിന്റെ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുന്നത് എന്ന് കാണുന്നു. ചതുരശ്ര മീറ്ററിന് ₹150/-നിരക്കിൽ നികുതി ചുമത്തേണ്ടിയിരുന്ന മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് നിരക്ക് കുറഞ്ഞ പാർപ്പിടങ്ങളുടെയും (₹ 6/-) ആശുപത്രികളുടെയും (₹5/-) ഇനത്തിൽപ്പെടുത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് വൻ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.19)മറുപടി നൽകിയിട്ടില്ല.ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(സി)** ക്ലാരീസ് കോൺവെന്റ്, വെളിച്ചിയാനി(3/431), നിർമ്മലാ ഹോസ്റ്റൽ, പാറത്തോട്(14/169), സെന്റ് ജോസഫ് കോൺവെന്റ്(14/349) എന്നീ കെട്ടിടങ്ങളെ വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. നികുതി നിർണ്ണയിച്ചതിൽ അപാകതകളുണ്ടെങ്കിൽ അന്വേഷിച്ച് ആയതിനനുസൃതമായി നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**(ഡി)** ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ എന്ന വിഭാഗത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ ഒന്നുപോലുമില്ല. എന്നാൽ, ജോസ് എൻ.ജെ., നെടുംപറമ്പിൽ എന്നയാൾ 16/400 ബി നമ്പർ കെട്ടിടത്തിൽ ഹോംസ്റ്റേ നടത്തിപ്പിന് (ഡി&ഒ രജിസ്റ്റർ ക്രമനം.223) അപേക്ഷിച്ചിട്ടുള്ളതാണ്. ഫാറം 6 പരിശോധിച്ചതിൽ ടി കെട്ടിടം ലോഡ്ജ് എന്ന ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. അപാകത സംബന്ധിച്ച് 18.6.19ൽ നൽകിയ 16-ാം നമ്പർ എൻക്വയറിയ്ക്ക്, സെന്റ് ആന്റണീസ് സ്കൂൾ, ആനക്കല്ലിന്റെ സമീപ പ്രദേശങ്ങളിൽ സ്വകാര്യ ഹോസ്റ്റലുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഫീൽഡ്തല പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**വസ്തുനികുതിയിനത്തിൽ ഭീമമായ കുടിശിക നിലനിൽക്കുന്നു**

തൻവർഷം വാസഗൃഹങ്ങളുടെ വസ്തുനികുതിയിനത്തിൽ ₹22,39,422/-യും വാസഗൃഹങ്ങളല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ ₹15,59,129/-യും ഉൾപ്പെടെ ₹37,98,551/- പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്നുണ്ട്. പ്രധാനമായും ബി.എസ്.എൻ.എൽ. ടവ്വറുകളുടെ ഉൾപ്പെടെ മൊബൈൽ ടവ്വറുകളുടെ മാത്രം കുടിശിക താഴെ കൊടുത്തിട്ടുള്ള പ്രകാരം 6 ലക്ഷത്തിലധികം രൂപ വരും.

| ക്രമ നം. | കെട്ടിട നം. | മൊബൈൽ ടവർ ഉടമ/സ്ഥാപനം | കുടിശിക തുക(₹) |
|---|---|---|---|
| 1 | 1/63 | ബി.എസ്.എൻ.എൽ. | 51,430 |
| 2 | 3/103 | ഇൻഡസ് ടവ്വേഴ്സ് | 1,34,076 |
| 3 | 3/609 | ബി.എസ്.എൻ.എൽ. | 1,53,504 |
| 4 | 5/695 | ബി.എസ്.എൻ.എൽ. | 1,79,836 |
| 5 | 9/139/A | ബി.എസ്.എൻ.എൽ. | 64,068 |
| 6 | 17/603/A | ബി.എസ്.എൻ.എൽ. | 55,002 |

കുടിശിക നിവാരണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും കാര്യക്ഷമമായ ഇടപെടലുണ്ടാവേണ്ടതാണ്.

# 2-2 വസ്തുനികുതി നിർണ്ണയം-സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**(എ)** കുവപ്പള്ളി ടൗണിൽ ടെക്നിക്കൽ ഹൈസ്കൂൾ റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ രണ്ടാമത്തെ നില അടച്ചുകെട്ടി എടുത്തിരിക്കുന്നതായി കണ്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ നമ്പരും നിലവിലെ ഉപയോഗവും പരിശോധിക്കുകയുണ്ടായി. കെട്ടിടത്തിന്റെ തറ നിലയിൽ XI/494, XI/495, XI/496 എന്നിങ്ങനെ നമ്പർ നൽകിയിട്ടുള്ളതും മുറികൾ വാണിജ്യാവശ്യത്തിനുപയോഗിക്കുന്നവയുമാണ് എന്ന് കാണുന്നു. കെട്ടിടത്തിന്റെ ഒന്നാം നിലയിലെ മുറികൾ ലോഡ്ജായി ഉപയോഗിക്കുന്നതായും രണ്ടാം നില കെട്ടിയടച്ച് ഒരു ഹാളാക്കി മാറ്റിയിട്ടുള്ളതായും കണ്ടു. ഒന്നാം നിലയിലെ ലോഡ്ജ് മുറികൾക്ക് 2013 നികുതി നിർണ്ണയത്തിൽ നമ്പർ

നൽകിയിട്ടുള്ളതായി കാണുന്നില്ല. ഒരു മുറിയുടെ പുറത്ത് 2008/X/309എന്ന് നമ്പർ പതിച്ചിട്ടുണ്ട്. 'സഞ്ചയ'ഫാറം 6 പരിശോധിച്ചപ്പോൾ XI/494,XI/496 നമ്പർ മുറികളുടെ കാര്യത്തിൽ 'Building Not Found'എന്നും XI/495നം.കെട്ടിടം ശ്രീ.ജലാലുദിൻ, പാറയിൽ, ഇടക്കുന്നം എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി നികുതി നിർണ്ണയിച്ചിട്ടുള്ളതുമായാണ് കാണുന്നത്. കെട്ടിടങ്ങൾ നികുതി നിർണ്ണയിക്കപ്പെടാതെയും ശരിയായ ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കപ്പെടാതെയും പോവുന്നത് വസ്തുനികുതിയിനത്തിൽ വൻനഷ്ടമുണ്ടാകുന്നതിന് കാരണമാകുന്നു. 2013 ലെ അസസ്സ്മെന്റ് പ്രകാരം XI/494, 495, 496 നമ്പർ നൽകിയതായി പതിച്ചിട്ടുള്ളതും ഇപ്പോൾ ലോഡ്ജായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലും 'സഞ്ചയ'ഫാറം 6 എൻട്രിയിലും കണ്ടെത്തിയ അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**(ബി)** കൂവപ്പള്ളി ടൗണിൽ ശ്രീ.ബിനോയി ജോസിന്റെ ഉടമസ്ഥതയിലുള്ള XI/694A മുതൽ 694G വരെയുള്ള കെട്ടിടങ്ങൾ ലോഡ്ജ്/കൺവെൻഷൻ സെന്റർ എന്ന ഗണത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളവയാണ്. എന്നാൽ, നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ തറനിലയിൽ 'മരിയ ബേക്കേഴ്സ്"എന്ന വാണിജ്യ സ്ഥാപനം പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞു. നമ്പർ നൽകിയതിനുശേഷമാണ് ടി സ്ഥാപനം പ്രവർത്തനമാരംഭിച്ചതെന്നും നികുതി നിർണ്ണയം പുന:പരിശോധിക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20)സെക്രട്ടറി മറുപടി നൽകി. നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 ജീവനക്കാരുടെ/സ്ഥാപനത്തിന്റെ തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

**(എ)** ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ബാങ്ക്/ധനകാര്യസ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയോ, സ്ഥാപനതൊഴിൽനികുതിയോ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, ആനക്കല്ല് ബ്രാഞ്ച് |
| 2 | രാജശ്രീ ബാങ്കേഴ്സ്, ആനക്കല്ല് |
| 3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ഇടക്കുന്നം |
| 4 | ഇടക്കുന്നം റബ്ബർ ഉല്പാദക സംഘം, ഇടക്കുന്നം |
| 5 | ആശ്രയ ബാങ്കേഴ്സ്, കൂവപ്പള്ളി |
| 6 | എ.ആർ.ലീസിംഗ് ലിമിറ്റഡ്, കൂവപ്പള്ളി |
| 7 | കൂവപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, പ്രഭാത-സായാഹ്ന ശാഖ |

കൂടാതെ, കേരളാ കാർസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

**(ബി)** ഒന്നിലധികം ജീവനക്കാരെ/തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള ധാരാളം വ്യവസായ/ഹോട്ടൽ/ ബേക്കറി സ്ഥാപനങ്ങളും തടിമില്ലുകളും ഓട്ടോമൊബൈൽ വർക് ഷോപ്പുകളും മറ്റും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡി & ഒ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതികളിൽ ചുരുക്കം സ്ഥാപനങ്ങൾ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽത്തന്നെ ചുരുക്കം ചില സ്ഥാപനങ്ങളുടെയൊഴികെ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് അപേക്ഷകളും രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 12 | ഒട്ടുപാൽ സംസ്കരണ ഫാക്ടറി | 06 |
| 2 | 78 | ലൈവ് ലോഞ്ച് റസ്റ്റോറന്റ് | 20 |
| 3 | 267 | ഷാലോം ഡെന്റൽ ക്ലിനിക് | 05 |

എസ്.ഡി.കോളേജ്, കാഞ്ഞിരപ്പള്ളി സമർപ്പിച്ച വരുമാന പത്രികയിൽ പ്രിൻസിപ്പാൾ, സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, പത്രിക പ്രകാരം ഒരു ക്ലാർക്ക മാത്രമാണ് പ്രസ്തുത സ്ഥാപനത്തിൽ ക്ലറിക്കൽ സ്റ്റാഫായി ഉൾപ്പെട്ടിട്ടുള്ളത്.

കൂടാതെ, കള്ളുഷാപ്പുകൾ, അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, റബ്ബറുല്പാദക സംഘങ്ങൾ, ക്ഷീരോല്പാദക സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക്(നം.6&നം.21) മറുപടി ലഭ്യമായിട്ടില്ല. മേൽപരാമർശിച്ചതുൾപ്പെടെ തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പട്ടിക തയ്യാറാക്കുകയും അതിൻപ്രകാരം തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-4 കെട്ടിട നിർമ്മാണാനുമതി-കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പാർപ്പിടാവശ്യത്തിനുള്ള പെർമിറ്റ് നൽകി

ശ്രീ.മുഹമ്മദ് ഷാ, പുതുപ്പറമ്പിൽ എന്നയാൾ 'സങ്കേതം' സോഫ്റ്റ്വെയർ മുഖേന സമർപ്പിച്ച കെട്ടിടനിർമ്മാണാനുമതി അപേക്ഷയിൽ തറനില 163.89ച.മീ, ഒന്നാം നില 116.27ച.മീ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും അപേക്ഷയ്ക്കൊപ്പം സമർപ്പിച്ച പ്ലാൻ കൊമേഴ്സ്യൽ കെട്ടിടത്തിന്റെയാണ്. പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ ഫീസ് ഈടാക്കി എ4-5939/18 തീയതി 30.10.18 പ്രകാരം ടിയാന് കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ടിയാൻ 'സങ്കേതം' ഓൺലൈനിൽ തെറ്റായി പാർപ്പിടത്തിന്റെ നിരക്കിൽ അപേക്ഷിച്ചിരുന്നതിനാൽ കെട്ടിടനിർമ്മാണാനുമതി നൽകിയപ്പോൾ തെറ്റായി പാർപ്പിടാവശ്യത്തിനുള്ള നിരക്ക് ഈടാക്കിയതാണെന്നും അപാകത തിരുത്തി ₹561/- ഈടാക്കുന്നതാണെന്നും മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ, നിർമ്മാണ പൂർത്തീകരണം, ഒക്യൂപൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു

പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

2018-19 വർഷം, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണെന്ന് കാണുന്നു.

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 62 | 2/93 | മാനേജിംഗ് പാർട്ണർ, EASUN ട്രേഡേഴ്സ് | ബേക്കറി |
| 88 | 5/42 | എൻ.എം.മുജീബ്, നാച്ചിവീട്ടിൽ | റബ്ബർ വ്യാപാരം |
| 103 | 14/352 | മരിയ ജേക്കബ്ബ്, ആനത്താനം | കറിപൗഡർ, പിക്കിൾ നിർമ്മാണം, വില്പന |
| 123 | 19/215 | വി.പ്രഭാകരൻ നായർ, ഉഷസ് | ഗ്ലൗസ് പാക്കിംഗ് |
| 136 | 18/46 | റെജി തോമസ്, കുളമറ്റം | തടി വ്യവസായം |
| 138 | 14/123 | പി.കെ.രഘു, ആനിമൂട്ടിൽ | പലചരക്ക്, പച്ചക്കറി വ്യാപാരം |
| 142 | 15/140 | എ.റ്റി.മുഹമ്മദ്അലിയാർ, അരീക്കൽ | പലചരക്ക് വ്യാപാരം |
| 148 | 19/164 | വി.എസ്.രാമചന്ദ്രൻ പിള്ള, വടക്കേനാത്ത് | പലചരക്ക് വ്യാപാരം |
| 156 | 2/356 | ഷാജി എ., ആനിയ്ക്കൽ | തുണിസഞ്ചി നിർമ്മാണം |
| 245 | 19/149 | സോണി വർഗ്ഗീസ്, കാട്ടുപാറ | ബേക്കറി, ബോർമ |
| 255 | 2/527 | പി.ജെ.ജേക്കബ്ബ്, പുതുപ്പറമ്പിൽ | പലചരക്ക് വ്യാപാരം |
| 297 | 13/6 | ജയ സാബു, കൊല്ലംപറമ്പിൽ | തയ്യൽ യൂണിറ്റ് |

സ്വന്തം കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള പല അപേക്ഷകളിലെയും കെട്ടിട ഉടമ അപേക്ഷകനല്ല എന്ന് 'സഞ്ചയ' പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞു. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | കെട്ടിട ഉടമ |
|---|---|---|---|
| 62 | 2/93 | മാനേജിംഗ് പാർട്ണർ, EASUN ട്രേഡേഴ്സ് | രാജി എസ്,ഇരിക്കാട് |
| 63 | 17/81 | മോഹൻദാസ് ഇ.കെ., വല്ലഭശ്ശേരി | കെ.കെ.കുഞ്ഞ്, കോഴിക്കോട് |
| 167 | 7/223 | എൻ.എം.ആന്റണി, നടക്കൽ | ജി.സുഷമാഭായി |
| 242 | 9/100 | സുനി കെ.എ., കൊച്ചുപറമ്പിൽ | ഹഫീസ് മുഹമ്മദ്, പ്ലാമൂട്ടിൽ |
| 245 | 19/149 | സോണി വർഗ്ഗീസ്, കാട്ടുപാറ | ശാന്തമ്മ, പന്നിക്കാട്ടിൽ |
| 255 | 2/527 | പി.ജെ.ജേക്കബ്ബ്, പുതുപ്പറമ്പിൽ | സന്തോഷ് ഫ്രാൻസിസ്, വാഴപ്പനാടിയിൽ |

ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടം ആരുടെ പേരിലുള്ളതാണെന്നോ ഏത് ഉപയോഗക്രമത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ളതാണെന്നോ പരിശോധന പോലും നടത്താതെയാണ് ലൈസൻസ് നൽകുന്നത്. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തി കാണുന്നില്ല.

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 1036 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 107 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 01 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 13 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 10 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 118 |
| 8 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 69 |
| | **ആകെ** | **1354** |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1354 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 297 എണ്ണം മാത്രമാണ്. വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/18-19/15.6.19)ന് മറുപടി ലഭിച്ചിട്ടില്ല. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് ഒരു സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 2-7 സ്പിൽ ഓവർ പ്രോജക്ടുകളുടെ ആധിക്യം - 2019-20 ലെ ബജറ്റ് വിഹിതത്തിൽ ഭീമമായ നഷ്ടം

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഏറ്റെടുത്ത് നടത്തിയ 32 പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ 2019 മാർച്ച് മാസാവസാനം ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി ബില്ലുകൾ 'ക്യൂ'വിലാണ് ഉൾപ്പെട്ടത്. വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിലായി ആകെ 81,43,456/-രൂപയുടെ ബില്ലുകളാണ് ഇപ്രകാരം 32 പ്രവൃത്തികളുടേതായി ക്യൂവിലുൾപ്പെട്ടിരുന്നത്. മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ മാത്രം 61,83,472/- രൂപയുടെ ബില്ലുകളാണ് മാറാൻ അവശേഷിച്ചത്.

214 പ്രോജക്ടുകളാണ് സ്പിൽ ഓവറായവ ഉൾപ്പെടെ അംഗീകാരം വാങ്ങി അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണത്തിനായി ലഭ്യമാക്കിയത്. ഇവയിൽ 131 എണ്ണം നടപ്പാക്കി ബില്ലുകൾ യഥാസമയം മാറിയിരുന്നു. ക്യൂവിലായ 32 എണ്ണം കൂടി ചേർത്താൽ പ്രവൃത്തി നടപ്പാക്കിയവയുടെ എണ്ണം 163 ആണ്. ഇപ്രകാരം അനവധി പ്രോജക്ടുകൾ തയാറാക്കി നടപ്പാക്കിയതാണ് യഥാസമയം ട്രഷറിയിൽ ബിൽ സമർപ്പിക്കാൻ സാധിക്കാതിരുന്നതിന് കാരണം. കൂടാതെ പ്രവൃത്തിയുടെ ഗുണമേന്മ, പ്രവൃത്തിയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടം എന്നിവയെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. എൻജിനീയർ നടപ്പാക്കിയവ കൂടാതെ വെറ്ററിനറി സർജൻ

നടപ്പാക്കിയ കാലിത്തൊഴുത്ത് നിർമാണം, ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പ്രോജക്ടുകളുടെ 3,68,400/- രൂപയുമുൾപ്പെടെ ആകെ 85,11,856/- രൂപയുടെ ബില്ലുകളാണ് 'ക്യൂ'വിലുൾപ്പെട്ടിരുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് 15.5.2019 ലെ 990/2019 നമ്പരായി പുറപ്പെടുവിച്ച, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പടുത്തി വാർഷികപദ്ധതി 2019-20 പരിഷ്കരിക്കുന്നതിനുള്ള ഭേദഗതി മാർഗനിർദ്ദേശങ്ങൾ പ്രകാരം ബജറ്റ് വിഹിതത്തിന് ഉപരിയായി ഏറ്റെടുക്കാവുന്ന സ്പിൽ ഓവർ ബാദ്ധ്യത വികസനഫണ്ടിലെ ഓരോയിനത്തിന്റേയും പരമാവധി 20% മാത്രമാണ്. ഇതുമൂലം ബജറ്റ് വിഹിതത്തിനുള്ളിൽ കൊണ്ടുവരുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം കിഴിച്ച് ബാക്കിയുള്ള തുകയ്ക്ക് മാത്രമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്.

'ക്യൂ' വിലുണ്ടായിരുന്നതുൾപ്പെടെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി മാറിയ 85,11,356/- രൂപ 2019-20 ലെ ബജറ്റ് അലോക്കേഷനിൽനിന്ന് ഫലത്തിൽ കുറവാകുന്നു. തൻവർഷം പുതുതായി ഏറ്റെടുക്കേണ്ടിയിരുന്ന പല പ്രോജക്ടുകളും ഏറ്റെടുക്കാൻ സാധിക്കാതെയും വരുന്നു. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ശരിയായ തെരഞ്ഞെടുപ്പ്, പ്രൊഫഷണൽ സമീപനം എന്നിവ ഇല്ലാത്തതിനാലാണ് ഇപ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാനാവാതെ ഫണ്ട് നഷ്ടപ്പെടാൻ കാരണം. ബന്ധപ്പെട്ട കക്ഷികൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കിയില്ല

2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2018-19 വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജി.എസ്.ടി ഉൾപ്പെടെ മുൻവർഷങ്ങളിലേതടക്കമുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് | ആകെ ഫീസ് |
|---|---|---|---|---|
| 1 | 39/19, കുരമറ്റംകോളനി റോഡ്, കലുങ്ക് | 2 | 1,600 | 3,200 |
| 2 | 114/19, ഒന്നാംമൈൽ പാലമ്പ്ര റോഡ് | 2 | 1,174 | 2,348 |
| 3 | 118/19, മുക്കാലി വേളാങ്കണ്ണിപ്പടി റോഡ് | 2 | 1,674 | 3,348 |
| 4 | 123/19, വെളിച്ചിയാനി വടക്കേമല റോഡ് | 2 | 1,000 | 2,000 |
| 5 | 164/19, പൊടിമറ്റം മുക്കാലി റോഡ് | 2 | 1,558 | 3,116 |
| 6 | 220/19, ഒ.എൽ.എച്ച് കോളനി റോഡ് | 2 | 1,000 | 2,000 |
| 7 | 370/19, സി.എസ്.ഐ ചക്കുംകുഴി പാലം റോഡ് | 2 | 1,032 | 2,064 |
| 8 | 390/19, ലൈബ്രറിപ്പടി പൂവത്തുങ്കൽ പടി പാലം | 2 | 2,590 | 5,180 |
| 9 | 101/19, തുരുത്തിപ്പടവ് പമ്പ്ഹൗസ് റോഡ് | 1 | 1,000 | 1,000 |
| 10 | 194/19, വടക്കേമല അങ്കണവാടി | 1 | 1,200 | 1,200 |
| 11 | 366/19, പാലമ്പ്ര കാരയ്ക്കൽകോളനി സംരക്ഷണഭിത്തി | 1 | 1,052 | 1,052 |
| 12 | 183/19, പഴുമല സ്കൂൾ നവീകരണം | 2 | 1,000 | 2,000 |
| 13 | 186/19, ത്രിവേണി അങ്കണവാടി | 2 | 1,300 | 2,600 |
| 14 | 205/19, പി.എച്ച്.സി ഇടക്കുന്നം സബ്സെന്റർ | 2 | 1,000 | 2,000 |
| 15 | 266/19, മാളിയേക്കലേ കോളനി അങ്കണവാടി | 2 | 1,400 | 2,800 |
| | **ആകെ** | 27 | | **35,908** |

ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല**

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല

സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.സി.പി). അധികതുക നല്കിയത്

**പ്രോജക്ട് വിശകലനം**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.സി.പി) പ്രോജക്ട് നം.345/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ടിനം | വികസനഫണ്ട് എസ്.സി.പി |
| ബിൽ നം., തീയതി | 2/18-19/13.07.18./3,75,000/- |
| | 6/18-19/14.08.18/3,75,000/- |
| | 7/ 18-19/25.12.18/3,00,000/- |

പ്രോജക്ട് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇതിൽ പ്രസാദ് റ്റി.എസ്., തടത്തിൽ, ഊരക്കനാട് പി.ഒ., എന്നയാൾക്ക് 5 സെന്റ് സ്ഥലം നൽകുന്നതിനായി മാത്യു വി.എം., വെട്ടത്ത്, ഊരക്കനാട് പി.ഒ. (തിരിച്ചറിയൽ കാർഡ് നം.Kl/12/087/198570) എന്നയാളുമായി ഉഭയകക്ഷി സമ്മതപ്രകാരം ശ്രീ.വി.എം.മാത്യുവിന്റെ സ്റ്റേറ്റ് ബാങ്കിലെ 67241751239 നമ്പർ അക്കൗണ്ടിലേക്ക് 3,00,000/- രൂപ (ബിൽ നം.7/18-19/25.12.18) പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. സ്ഥലം അളന്ന് ബോദ്ധ്യപ്പെട്ടതിന് ശേഷം വേണമായിരുന്നു തുക കൈമാറുവാൻ. കൂവപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ 05.12.2018 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരപ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിൽ, മുണ്ടക്കയം വില്ലേജിൽ ഇടക്കുന്നം കരയിൽ റീസർവ്വേ ബ്ലോക്ക് നം.2, റീസർവ്വേ നം.30, റീസർവ്വേ സബ് ഡിവിഷൻനം നം.5, ൽ ഉൾപ്പെട്ട 1 ആർ 62 ച.മീറ്റർ (നാല് സെന്റ്) സ്ഥലം ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 19.06.2019 ൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥലം വിൽപന നടത്തിയ ശ്രീ.മാത്യു വി.എം., വെട്ടത്ത് എന്നയാളറിയിച്ചത് പ്രകാരം അഞ്ച് സെന്റ് സ്ഥലം ശ്രീ.പ്രസാദ് റ്റി.എസ്.ന് നൽകുന്നതിനാണ് 3,00,000/- രൂപ കൈപ്പറ്റിയതെന്നും എന്നാൽ സ്ഥലം അളന്നപ്പോൾ നാല് സെന്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ ഒരു സെന്റ് സ്ഥലത്തിന്റെ വിലയായ 60,000/- രൂപ ശ്രീ.പ്രസാദ് റ്റി.എസ്.ന് തിരികെ നൽകി എന്നുമാണ്. ഇതിന്റെ വിവരം രേഖാമൂലം നൽകിയിട്ടുണ്ട്. നൽകുന്ന തുകയ്ക്കുള്ള സ്ഥലം ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കി വേണമായിരുന്നു നിർവഹണ ഉദ്യോഗസ്ഥൻ തുക നൽകേണ്ടിയിരുന്നത്. മാത്രമല്ല സ്ഥലം അളന്നപ്പോൾ കുറവുണ്ടായത് ബോദ്ധ്യപ്പെട്ടപ്പോൾ കൂടുതലായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായിരുന്നു. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ആയത് നിർവ്വഹിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/18-19 ന് മറുപടി ലഭ്യമാക്കിയില്ല. ഈസാഹചര്യത്തിൽ തുക ശ്രീ.പ്രസാദ് റ്റി.എസ്.ൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക്

അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# 3-2 ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾക്ക് അളവ് രേഖപ്പെടുത്തി തുക നല്കിയത്

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് 18.6.2019 ൽ അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്കൂളുകൾക്ക് പ്രത്യേക ടോയ്‌ലറ്റ്(പെൺകുട്ടികൾക്ക്)എന്ന പ്രവൃത്തിയും(പ്രോ.നം.321/18-19)പ്ലാസ്റ്റിക് മാലിന്യസംഭരണത്തിന് കെട്ടിടനിർമാണം എന്ന പ്രവൃത്തിയും പരിശോധിക്കുകയുണ്ടായി.

ആദ്യത്തെ പ്രവൃത്തി നടന്ന ഗവ.എൽ.പി.സ്കൂൾ, പഴമല, സെന്റ് ജോസഫ് സ്കൂൾ എന്നിവിടങ്ങളിലെ പരിശോധനയിൽ പ്രവൃത്തിയുടെ 33-ാം ഇനമായി പറയുന്നതും എം.ബുക്കിൽ (120/17-18) അളവ് രേഖപ്പെടുത്തി ബിൽ തുക നല്കിയതുമായ 1500 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടില്ലെന്നും 1000 ലിറ്റർ ടാങ്ക് മാത്രമാണ് സ്ഥാപിച്ചതെന്നും കാണുന്നു. എന്നാൽ കരാറുകാരനായ സെബാൻ എബ്രഹാം, കല്ലറയ്ക്കൽ എന്നയാളിന് നല്കുന്നതിനായി ട്രഷറിബിൽ പ്രകാരം (ബിൽ നം.23/10-8-18, തുക 6,27,400/-)മാറിയ പ്രവൃത്തിയുടെ ബില്ലിൽ പെടുന്നത് ലിറ്ററിന് 9.8 രൂപ നിരക്കിൽ 1500 ലിറ്റർ ടാങ്കിന്റെ (1000 ലിറ്ററിന്റെയും 500 ലിറ്ററിന്റെയും 1 വീതം)വില 14,700/-രൂപയാണ്. പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതുപ്രകാരം 1000 ലിറ്റർ ടാങ്ക് മാത്രം സ്ഥാപിച്ചിട്ടുള്ളതിനാൽ കരാറുകാരന് 500 x 9.8= 4,900/-രൂ അധികം നല്കിയിട്ടുണ്ട്. അധികം നല്കിയ തുക നിരാകരിക്കുന്നു.

രണ്ടാമത്തെ പ്രവൃത്തിയിൽ പ്ലാസ്റ്റിക് മാലിന്യസംഭരണത്തിന് നിർമിച്ച കെട്ടിടത്തിന് 2 വാതിലുകൾക്ക് കതക് സ്ഥാപിച്ചതായി പ്രവൃത്തിയുടെ 17-ാം ഇനമായി അളവുപുസ്തകം 122/17-18 ൽ രേഖപ്പെടുത്തി 2.66 m2 ന് 2,919 രൂപ നിരക്കിൽ 7,764/- രൂപ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരനായ എം.ജി.അജേഷ് കുമാറിന് ട്രഷറിബിൽ 34/18-19/24.11.18, പ്രകാരം 4,95,068/- മാറി നല്കി.

എന്നാൽ സ്ഥലപരിശോധനയിൽ ഒരു കതക് മാത്രമേ സ്ഥാപിച്ചിട്ടുള്ളൂയെന്ന് ബോധ്യപ്പെട്ടതിനാൽ 3,882/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. കൂടാതെ രണ്ട് കതകുകൾക്ക് പെയിന്റ് ചെയ്തതിന് 112/m2 നിരക്കിൽ 25.88 m2 ൽ പരിമിതപ്പെടുത്തി 2,898/- രൂപയും നല്കിയതിലൂടെ 1,449 രൂപയും അധികം നല്കി. ആകെ അധിമായി നല്കിയ തുക = 3882 + 1449 = 5,331/-. ചെയ്തിട്ടില്ലാത്ത പ്രവൃത്തിയുടെ ചെലവ് അംഗീകരിക്കുന്നില്ല.
ടി രണ്ട് പ്രവൃത്തികളിലുമായി ചെയ്തിട്ടില്ലാത്ത ഇനങ്ങൾക്ക് എം.ബുക്കിൽ അളവ് രേഖപ്പെടുത്തി കരാറുകാർക്ക് അധികമായി നല്കിയ ആകെ തുക 10,231/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്ന് തുക ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി അളവ് എടുത്ത എൻജിനീയർ ശ്രീമതി അന്നമ്മ ജോൺ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് എം.ബുക്കിൽ രേഖപ്പെടുത്തുന്ന സമയത്ത് ഈ ഇനങ്ങൾ പൂർത്തിയാക്കിയിരുന്നുവെന്നും, ഓഡിറ്റിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സമയം അനുവദിക്കണമെന്നുമാണ്.

# 3-3 ഡെപ്പോസിറ്റ് പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാർ ചമയ്ക്കാത്തത്

വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി പഞ്ചായത്ത് കരാർ ചമയ്ക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി | നൽകിയ തുക | ചെലവ് | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 397/19 | അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം | 1,50,000/28/18-19<br>തീയതി 27.03.19 | നിർമ്മാണം പൂർത്തിയായതായി രേഖയില്ല | ഭൂജല വകുപ്പ് |

| | | | | |
|---|---|---|---|---|
| 399/19 | സ്ട്രീറ്റ്ലൈൻ വലിക്കൽ | 7,78,092 | നിർമ്മാണം പൂർത്തിയായതായി രേഖയില്ല | കെ.എസ്.ഇ.ബി. |
| 203/19 | പാറത്തോട് പി.എച്ച്.സി. ഐ പി ബ്ലോക്ക് നിർമ്മാണം | 10,00,000(ബ്ലോക്ക് ഷെയർ 5,00,000/842104/18.03.2019 മെയിന്റനൻസ് ഗ്രാന്റ് ബിൽ നം.24/18-19/19.3.19/ 5,00,000 | നിർമ്മാണം ആരംഭിച്ചതായി രേഖയില്ല | ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി, കോട്ടയം |
| 109/19 | ഇടക്കുന്നം പി.എച്ച്.സി. നിർമ്മാണം | 10,00,000(തനത് ഫണ്ട് ചെക്ക് നം.842462, 842463 തീയതി 20.03.19) | | |

ഡെപ്പോസിറ്റ് പ്രവർത്തികളിൽ നിർവ്വഹണഏജൻസികളുമായി കരാർ ചമയ്ക്കേണ്ടതും മേൽ വിവരിച്ച പദ്ധതികളുടെ പൂർത്തീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 ബാലസഭ- പ്രോജക്ടിന് അനുവദനീയമായതിലും അധികം തുക പിൻവലിച്ചു

**അസിസ്റ്റ**ന്റ് സെക്രട്ടറി നിർവഹണം നടത്തിയ നം.235/19 ബാലസഭ പ്രോജക്ട് നടത്തിപ്പിനായി ബിൽ നം. 3/18-19/13.07.18 പ്രകാരം 1,85,850/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ അക്കൗണ്ടിലേക്ക് (നം.126101000002187) മാറ്റിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ രേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ.22/2018/ ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി 14.02.2018 ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ വാർഡ് ഒന്നിന് 1,000 രൂപയും പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് 40,000/- രൂപയും അധികരിക്കാതെ ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി 1,85,850/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം മാറ്റിയ തുകയിൽ നിന്നും 47,500/- രൂപ ചെക്ക് നമ്പർ 860012/20.2.19 പ്രകാരം നെറ്റ് ബിയോസ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയ ഇനത്തിൽ നൽകിയിട്ടുണ്ട്. ബാലസഭ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ വാങ്ങൽ അനുവദനീയമല്ല. മാത്രമല്ല കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായാണ് കമ്പ്യൂട്ടർ വാങ്ങിയതെങ്കിലും നാളിതുവരെ പരിശീലന പരിപാടി നടത്തിയിട്ടില്ല. 19.06.2019 ൽ കുടുംബശ്രീ ഓഫീസിൽ നടത്തിയ പരിശോധനയിൽ പ്രോജക്ട് പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടു. മാത്രമല്ല 9,450 രൂപ ചെലവഴിച്ച് കമ്പ്യൂട്ടറിനൊപ്പം പ്രിന്ററും വാങ്ങിയിട്ടുണ്ട്. കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് പ്രിന്ററിന്റെ ആവശ്യകതയും ഇല്ല. മേൽ പ്രസ്താവിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവഴിച്ച 47,500 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്ന 1,38,350 രൂപയും ഉൾപ്പെടെ 1,85,850 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന 1,38,350/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 3-5 കറവപ്പശു വിതരണം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം.26/18-19

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം 38 ഗുണഭോക്താക്കൾക്ക് കറവപ്പശുക്കളെ വാങ്ങുന്നതിനായി 27,500/- രൂപ നിരക്കിൽ 10,45,000/- രൂപ വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 2/19/ 26.12.18 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടത്തിപ്പിൽ ചില അപാകതകൾ കാണുന്നു. സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/18/ ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി 14.02.2018 - ഖണ്ഡിക 6- (2) ൽ

കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 അംഗങ്ങൾ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയുടെ ചെയർമാൻ ഒരു ജനപ്രതിനിധി ആയിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ സമിതിയുടെ കൺവീനർ ആയിരിക്കണം. എന്നാൽ ഈ നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ എല്ലാ വാങ്ങലുകളും നടത്തിയിട്ടുള്ളത് ഗുണഭോക്താക്കൾ നേരിട്ടാണ് എന്ന് കാണുന്നു. ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ കച്ചവടം നടന്നിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി പതിനഞ്ചാം വാർഡിൽ ആനന്ദവല്ലിയമ്മ, മറ്റത്തിൽ പാലമ്പ്ര പി.ഒ. എന്നയാൾ കറവപ്പശുവിനെ വാങ്ങിയിട്ടുള്ളത് ഷാജി എം.കെ. മറ്റത്തിൽ, പാലമ്പ്ര പി.ഒ. എന്നയാളിൽ നിന്നാണ്. എല്ലാ പശുക്കളെയും വിറ്റ വിലച്ചീട്ടിൽ വിറ്റവില 55,000/- രൂപ എന്നും, സബ്സിഡി തുക 27,500/- രൂപ എന്നും പ്രിന്റ് ചെയ്ത് വച്ചിട്ടുള്ളവയാണ്. ഇതിൽ നിന്നും സബ്സിഡിയുടെ പരമാവധിതുകയായ 27,500/- രൂപ ലഭിക്കത്തക്കവിധത്തിൽ വിലച്ചീട്ട് തയ്യാറാക്കിയതാണ് എന്നും യഥാർത്ഥത്തിലുള്ള വിൽപനയുടെ വിവരം വിലച്ചീട്ടിൽ പ്രതിഫലിക്കുന്നില്ല എന്നും വ്യക്തമാകുന്നു. പ്രോജക്ട് പ്രകാരം വാങ്ങുന്ന പശുക്കളെ കുറഞ്ഞത് 3 വർഷം വളർത്തേണ്ടതാണ്. എന്നാൽ തുടർ മോണിട്ടറിംഗ് നടത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ബിന്നുകൾ വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം.378/18-19

അടങ്കൽ - 6,00,000

ചെലവ് - 4,41,000(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ബിന്നുകൾ വാങ്ങുക എന്ന പ്രോജക്ട് (നമ്പർ 378/19) പ്രകാരം ഫൈബർ ബിന്നുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ കുറവ് തുക (3,675 രൂപ) ക്വോട്ട് ചെയ്ത ഏർത്ത് കെയർ സൊല്യൂഷൻസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 120 ബിന്നുകൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ 4,41,000/- രൂപ വികസന ഫണ്ടിൽ നിന്നും ബിൽ നം.10/18-19 തീയതി 27.03.19 പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നൽകി. ലഭ്യമായ ബിന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ബിന്നുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചത് എന്ന വിവരവും പ്രോജക്ടിൽ വിഭാവനം ചെയ്യുന്ന തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (13/18-19/17.06.19) ഒരു വാർഡിൽ ആറ് ബിന്നുകൾ വീതമാണ് നൽകുന്നതെന്നും, എവിടെയൊക്കെ സ്ഥാപിക്കണം എന്നുള്ള കാര്യങ്ങളും തുടർ പ്രവർത്തനങ്ങളും സംബന്ധിച്ച് ജൂൺ മാസത്തോട് കൂടി തീരുമാനം എടുക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഇത് ക്രമപ്രകാരമല്ല. ആവശ്യകതയുടെ അടിസ്ഥാനത്തിലല്ലാതെ വാർഡ് അടിസ്ഥാനത്തിൽ ബിന്നുകൾവീതിക്കുകയാണ് ചെയ്തിട്ടുള്ളത്. ചില വാർഡിലേക്കുള്ള ബിന്നുകൾ മെമ്പർമാർക്ക് നൽകിയിട്ടുണ്ട് എങ്കിലും കൈപ്പറ്റിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ബിന്നുകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽപറഞ്ഞ അപാകതകൾ മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 4,41,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ശബരിമല സ്പെഷ്യൽ ഗ്രാന്റ് പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമായില്ല

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള സ്പെഷ്യൽ ഗ്രാന്റായി ലഭിച്ച തുകകൾ വകയിരുത്തി ആവിഷ്കരിച്ച പദ്ധതികളുടെ പൂർത്തീകരണവിവരം ഫയലിൽ ലഭ്യമല്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഗ്രാന്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശബരിമല സ്പെഷ്യൽ ഗ്രാന്റ് 2018-19 വർഷത്തെ വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7,89,096 |
| വരവ് | 5,00,000 |
| ആകെ | 12,89,096 |
| ചെലവ് | 11,78,092 |
| നീക്കിയിരിപ്പ് | 1,20,004 |

ശബരിമല സ്പെഷ്യൽ ഗ്രാന്റ് വകയിരുത്തി 2018-19 വർഷം ആവിഷ്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി | വകയിരുത്തിയ തുക | ചെലവ് | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 356/19 | സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 5,00,000 | 4,00,000 | സെക്രട്ടറി |
| 399/19 | സ്ട്രീറ്റ്ലൈൻ വലിക്കൽ | 7,78,092 | 7,78,092 | കെ.എസ്.ഇ.ബി. |

മേൽ വിവരിച്ച പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല. സ്ട്രീറ്റ്ലൈറ്റ് സ്റ്റോക്കിലെടുത്തതിന്റെ വിവരം, ഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ, സ്ട്രീറ്റ്ലൈൻ വലിക്കലിന്റെ മാപ്പ്, പൂർത്തീകരണ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
പ്രോജക്ടുകൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-8 പാലങ്ങളുടെ നിർമാണം-അപ്രോച്ച് റോഡുകൾ പൂർത്തിയാക്കാത്തതിനാൽ ഗതാഗതയോഗ്യമായില്ല

| പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | സ്രോതസ്സ് |
|---|---|---|---|
| 66/18-19 | 3,34,000 | 3,27,344 | മെയിന്റനൻസ് ഫണ്ട് |
| 315/18-19 | 6,00,000 | 5,97,795 | മെയിന്റനൻസ് ഫണ്ട് |
| 370/18-19 | 5,16,000 | 5,13,747 | തനതുഫണ്ട് |

**1) <u>ചക്കുംകുഴി പാലം - റോഡ്</u>**

ഇടക്കുന്നം -നാട്ടുകാണി റോഡിനെയും, ഇടക്കുന്നം സി.എസ്.ഐ-കാരികുളം റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചക്കുംകുഴി തോട്ടിൽ പാലം പണിത് അപ്രോച്ച് റോഡ് നിർമ്മിക്കുകയായിരുന്നു പ്രോജക്ട് ലക്ഷ്യം.

മുൻ വർഷങ്ങളിലാരംഭിച്ച് 2018-19 ൽ സ്പിൽഓവറായി പൂർത്തിയാക്കുകയും 2018-19 സാമ്പത്തികവർഷം ബിൽ ട്രഷറിയിൽ 'ക്യൂ'വിലായതിനാൽ 2019-20 ൽ തുക മാറിയതുൾപ്പെടെ 3 പ്രോജക്ടുകളിലായി ആകെ 14,38,886/-രൂപ നാളിതുവരെ ചെലവഴിച്ചു.

എന്നാൽ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി ലക്ഷ്യം കൈവരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 14,38,886 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**പാലത്തിന്റെ വിവിധ ദൃശ്യങ്ങൾ ചുവടെ ചേർക്കുന്നു**







2) <u>വേലംപറമ്പ് പാലം -റോഡ്</u>

പ്രോ.നം.276/18-19 പ്രകാരം തനത് ഫണ്ടിൽ നിന്ന് 6,25,630/- രൂപയും,(സ്പിൽ ഓവർ പ്രോജക്ട്, ചെക്ക് നം.7382593/10-8-18)പ്രോ.നം 69/19 പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡിൽ) നിന്ന് 2,82,934/- രൂപയും (ബിൽ നം.90/23.2.19)ഉൾപ്പെടെ ആകെ 9,08,564/- രൂപ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പാലം പണി പൂർത്തിയാവുക മാത്രമാണുണ്ടായിട്ടുള്ളത്. അപ്രോച്ച് റോഡുകളുൾപ്പെടെ നിർമിച്ച് പാലം ഗതാഗത യോഗ്യമാക്കുകയെന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായുള്ള 9,08,564 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**പാലത്തിന്റെ വിവിധ ദൃശ്യങ്ങൾ ചുവടെ ചേർക്കുന്നു**





## 3-9 പഠനോപകരണ വിതരണം (എസ്.സി.പി.) പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ പഴമല നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടാണ് പഠനോപകരണ വിതരണം (എസ്.സി.പി.)(224/19) പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്ത 11 ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുന്ന അപേക്ഷ പരിശോധിച്ചതിൽ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 5 ഗുണഭോക്താക്കൾ ഉൾപ്പെട്ടതായി കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അഞ്ച് ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥ 2.3.19ൽ 25/18-19 നമ്പർ പ്രകാരം സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 മൊബൈൽ സ്വാന്ത്വന യൂണിറ്റ് ധനസഹായം - സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം.267/19 മൊബൈൽ സ്വാന്ത്വന യൂണിറ്റ് എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് പ്രകാരം ആകെ രണ്ട് തവണയായി ഫർണിച്ചർ വാങ്ങൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ബിൽ നം.15/18-19/14.03.19 പ്രകാരം 14,500/- രൂപയും, 16/18-19/14.03.19 പ്രകാരം 14,900/- രൂപയും പിൻവലിച്ച് ലിബർട്ടി ട്രേഡേഴ്സ് പാറത്തോട് എന്ന സ്ഥാപനത്തിൽ നിന്നും ഓഫീസ് ടേബിൾ, ചെയർ, അലമാര തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിൽ എപ്രകാരമാണ് ഫർണിച്ചർ ഉൾപ്പെടുന്നത് എന്ന് വ്യക്തമല്ല. ആകയാൽ വാങ്ങലിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/18-19/18.06.19)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 29,400/-(14500+14900) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഉറവിട മാലിന്യ സംസ്കരണം - തുക ഒടുക്കി - പ്രവൃത്തി ആരംഭിച്ചില്ല

പ്രോജക്ട് നം.272/18-19

അടങ്കൽ - 1,58,875

ചെലവ് - 34,440(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

പാറത്തോട് ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനായി എെ.ആർ.ടി.സി. പാലക്കാടുമായി 28.09.17 കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷം 12 ബയോഗ്യാസ് പ്ലാന്റ്, 78 പൈപ്പ് കമ്പോസ്റ്റ് എന്നിവയുടെ മുഴുവൻ തുകയായ 1,72,200/- രൂപ ഒടുക്കാനാവശ്യപ്പെട്ട് ഐ.ആർ.ടി.സി. 06.03.19 ലെ PUI/153/1082/17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടു. ഈ തുകയുടെ 20% ആയ 34,440/- രൂപ (ബിൽ നമ്പർ 8/18-19/13.03.19) എെ.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 34,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ചെറുകിട വ്യവസായം- സ്വയം തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയം

വി.ഇ.ഒ., പാറത്തോട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ആറ് സ്വയം തൊഴിൽ സംരംഭകർക്ക് 50,000/- രൂപ വീതം ആകെ 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 232/19 ചെറുകിട വ്യവസായം- സ്വയം തൊഴിൽ |
| ഫണ്ടിനം | വികസനഫണ്ട് |
| ബിൽ നം., തീയതി | 5/18-19/24.01.19/50,000/-രൂപ |
| | 6/18-19/04.02.19/50,000/- രൂപ |
| | 9/18-19/13.03.19/50,000/- രൂപ |
| | 11/18-19/27.03.19/1,50,000/- രൂപ |

19.06.2019ൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ധനസഹായം ലഭിച്ച റോസമ്മ ജോസ്, കട്ടക്കുന്നേൽ, ചിറ്റടി പി.ഒ., എന്ന ഗുണഭോക്താവിന്റെ തേനീച്ച വളർത്തൽ യൂണിറ്റായി പത്ത് തേനീച്ചപ്പെട്ടികൾ വീടിന്റെ പാരപ്പെറ്റിലെ ഹുക്കുകളിൽ സ്ഥാപിച്ചിട്ടുള്ളത് മാത്രമാണ് കാണപ്പെട്ടത്. ആയത് ചെറുകിട വ്യവസായം എന്ന നിലയിലോ, സ്വയം തൊഴിൽ എന്ന നിലയിലോ പരിഗണിക്കാവുന്നതല്ല എന്ന് കാണുന്നു. മാത്രമല്ല പഞ്ചായത്തിൽ സമർപ്പിച്ച പ്രോജക്ട് പ്രകാരം ബാങ്കിൽ നിന്നും അനുവദിച്ച ലോൺ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ കിടക്കുന്നതായും കാണുന്നു. ഒരു തേനീച്ചപ്പെട്ടിക്ക് ഈച്ചകൾ ഉൾപ്പെടെ 5000 രൂപ വിലയായി എന്നാണ് ഗുണഭോക്താവ് അറിയിച്ചത്. എന്നാൽ സമീപ പഞ്ചായത്തുകളിൽ സമാന പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ Kerala State Horticultural Products Development Corporation(HORTICORP)ൽ നിന്നുമാണ് തേനീച്ചകൾ ഉൾപ്പെടെയുള്ള പെട്ടി വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇതിന് പെട്ടി ഒന്നിന് 1,500 രൂപയാണ് HORTICORPലെ വില. ഇതിൽ നിന്നും മേൽ പ്രസ്താവിച്ച ഗുണഭോക്താവ് സബ്സിഡിയായി നൽകിയ 50,000 രൂപ ഈ ആവശ്യത്തിന് ചെലവഴിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. മറ്റൊരു ഗുണഭോക്താവായ ഉഷ രഘുനാഥൻ, കൊടിത്തോട്ടത്തിൽ എന്നയാളുടെ ടീ ഷോപ്പ് പരിശോധിച്ചതിൽ അപേക്ഷയിൽ കാണിച്ചിട്ടുള്ള ഫ്രിഡ്ജ്, ഗ്രൈൻഡർ, മിക്സി, ഫർണിച്ചറുകൾ തുടങ്ങിയ ഉപകരണങ്ങൾ കണ്ടെത്താനായില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/18ന് റോസമ്മ ജോസ്, കട്ടക്കുന്നേലിന് ലഭ്യമായ വായ്പ ഉപയോഗിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ഉഷ രഘുനാഥൻ, കൊടിത്തോട്ടത്തിൽ വാങ്ങിയ ഉപകരണങ്ങൾ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് ഉപയോഗിച്ച് വീട്ടിൽ നിന്ന് ഭക്ഷണം പാചകം ചെയ്ത് ടീ ഷോപ്പിൽ വിൽപന നടത്തുന്നുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇത്തരം പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി ഫലപ്രദമായി ഇടപെടേണ്ടതുമാണ്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും സബ്സിഡി അനുവദിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങൾ സബ്സിഡി തുകയും ലോൺ തുകയും ഉപയോഗിച്ച് സ്വയംതൊഴിൽ സംരംഭം പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - നാളിതുവരെ

# മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (നം.16/19) എന്ന പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും (ബിൽ നം.1/18-19 തീയതി 10.01.19) 3,00,000/- രൂപ പിൻവലിച്ച് ദി കേരള ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹാംകോ) ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 പ്രൊക്യുവർമെന്റ് കമ്മറ്റി ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശസ്വയംഭരണവകുപ്പിന്റെ 08.11.2010 ലെ സർക്കാർ ഉത്തരവ് നം.259/2010 പ്രകാരം രൂപീകൃതമായ പ്രൊക്യുവർമെന്റ് കമ്മിറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സ്പെസിഫിക്കേഷനുകൾ രൂപീകരിക്കൽ, സമാഹരണനടപടികളുടെ മേൽനോട്ടം, ടെണ്ടറുകളിന്മേൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ എന്നിവ കൃത്യമായി നിർവ്വഹിക്കുന്നില്ല.

ഉദാഹരണമായി, സെക്രട്ടറി നടപ്പാക്കിയ സെർവ്വർ റൂമിൽ എയർകണ്ടീഷണർ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ (പ്രോജക്ട് നം.364/19)ആവശ്യമായ എയർകണ്ടീഷണറിന്റെ ശേഷി കൃത്യമായി നിർണ്ണയിച്ച് ടെണ്ടർ ക്ഷണിക്കുന്നതിന് പകരം എയർകണ്ടീഷണറുകൾക്ക് ടെണ്ടർ ക്ഷണിച്ചതിന് ശേഷം ആവശ്യമായ 2 ടണ്ണിന്റെ എ.സി വാങ്ങുകയാണ് ചെയ്തത്. ഇങ്ങനെ ചെയ്യുക വഴി വാങ്ങൽ പ്രവൃത്തിയിൽ മത്സരസ്വഭാവം നഷ്ടപ്പെട്ടതായി കാണുന്നു. പ്രസ്തുത വാങ്ങലിൽ പ്രൊക്യുവർമെന്റ് കമ്മറ്റി മേൽനോട്ടം, വിലയിരുത്തൽ എന്നീപ്രവർത്തനങ്ങൾ നടത്തിയതായി രേഖയില്ല. പ്രൊക്യുവർമെന്റ് കമ്മറ്റിയുടെ ക്രിയാത്മകമായ പ്രവർത്തനം ഇത്തരം സന്ദർഭങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

# 3-15 കന്നുകുട്ടി പരിപാലനം സംബന്ധിച്ച്

പ്രത്യേക കന്നുകുട്ടി പരിപാലനം പ്രോജക്ട് (നം.19/19) പ്രകാരം 50 കന്നുകുട്ടികളെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും 6,25,000/- രൂപ ബിൽ നമ്പർ 6/18/29.12.18 പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് പ്രോഗ്രാം, കോട്ടയം പേരിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ശ്രീമതി ബിന്ദു അജിത്കുമാർ, പനക്കൽ, ഇടക്കുന്നം എന്ന ഗുണഭോക്താവ് ഒരു തവണപോലും കാലിത്തീറ്റ വാങ്ങിയിട്ടില്ല. ടിയാൾക്കുവേണ്ടി ഒടുക്കിയ 12,500/- രൂപ ചെലവഴിക്കാതെ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 പഠനമുറി (എസ്.സി.പി) - നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ., നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട്(നം.251/19) പ്രകാരം എസ്.സി. വിഭാഗത്തിൽപ്പെട്ട അഞ്ച് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് അഡ്വാൻസ് നൽകിയിരുന്നു. ഈ ഇനത്തിൽ ആകെ 3,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ മാത്രമാണ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് നാല് ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | കൈപ്പറ്റിയ തുകയുടെ വിവരം |
|---|---|---|
| 1 | രോഹിണി കെ.കെ., കളപ്പുരക്കൽ, പാറത്തോട് പി.ഒ. | 75,000/ബിൽ നം.9/18-19/ 3.11.18 |
| 2 | ആനന്ദവല്ലി അജയകുമാർ, | 50,000/ ബിൽ നം.12/18-19/ 21.02.19 |
| 3 | ഉഷ ഷാജി, കട്ടപ്പുറം, വേങ്ങത്താനം | 50,000/ബിൽ നം.14/18-19/ 21.02.19 |
| 4 | ബിനു റ്റി.സി., തേക്കുംവനത്തിൽ | 50,000/ ബിൽ നം.21/18-19/ 27.03.19 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 പ്രോജക്ട് നം.244/19 -കുടുംബശ്രീ ഗ്രാന്റ്- സംബന്ധിച്ച്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 6,00,000/- രൂപ (ബിൽ നമ്പർ 4/18-19/13.07.18) പിൻവലിച്ച് കുടുംബശ്രീക്ക് കൈമാറി. കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 60 തൊഴിൽ സംരംഭങ്ങൾക്ക് പ്രോജക്ട് പ്രകാരം 10,000 രൂപ വീതം കൈമാറിയിട്ടുണ്ട്. സംഘങ്ങൾ സമർപ്പിച്ച അപേക്ഷകൾ ഉൾപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓരോ സംഘങ്ങളും പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിൽ ഓരോ സംഘങ്ങളും ലഭ്യമാക്കുന്ന ബാങ്ക് ലോൺ, സ്വന്തം വിഹിതം, ഗ്രാന്റ് എന്നിവ ഉൾപ്പെടുത്തി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തെ സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. എന്നാൽ സംഘങ്ങളുടെ ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ മിക്ക സംഘങ്ങളുടെയും പ്രോജക്ടിൽ പറഞ്ഞതിൻ പ്രകാരമുള്ള ലോൺ തുക വന്നിട്ടുള്ളതായി കാണുന്നില്ല. ഇതിൽ നിന്നും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നും പദ്ധതി പണം വിതരണം മാത്രമേ നടന്നിട്ടുള്ളൂയെന്നും കാണുന്നു. സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് മോണിട്ടറിംഗ് നടന്നിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം വിഷയങ്ങളിൽ ഗൗരവതരമായി ഇടപെടേണ്ടതാണ്.

## 3-18 ലൈഫ് ഭവന പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 102 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. ഇതിൽ 14 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 88 പേർ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. എസ്.സി. വിഭാഗത്തിൽ 11 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിൽ ഒരാൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. എസ്.റ്റി. വിഭാഗത്തിൽ രണ്ട് ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു എങ്കിലും ആരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച 1,39,62,387 രൂപയിൽ 1,38,02,387 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ആശ്രയ പദ്ധതി സംബന്ധിച്ച്

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ ചെലവഴിക്കാതെ വൻ തുക അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശ |
|---|---|---|---|
| ഒന്നാം ഘട്ടം | 1,91,775 | - | |
| റീവിസ്റ്റ് | 2,57,043 | - | 67,437 |
| രണ്ടാംഘട്ടം | 4,22,917.74 | 12,50,000 | 2,59,275 |
| ആകെ | 8,71,735.74 | 12,50,000 | 3,26,712 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിക്കുമ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 12,50,000 രൂപ ചെലവഴിക്കാതെ അവശേഷിക്കെ ആശ്രയ പദ്ധതി പ്രോജക്ട് (നം.7/18-19) പ്രകാരം വികസന ഫണ്ടിൽ നിന്നും 5,00,000/- രൂപ (ബിൽ നമ്പർ 1/18-19/തീയതി 13.07.18) പിൻവലിച്ച് കുടുംബശ്രീയുടെ ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ 126101000002187 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്തിട്ടുണ്ട്. മൂന്നാം ഘട്ട പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ല. തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചത് ആവശ്യാനുസരണമാണോ എന്ന് വ്യക്തമാക്കിയില്ല. ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിച്ചപ്പോൾ ചെലവഴിക്കാതെ അവശേഷിക്കുന്ന 12,50,000 രൂപ മൂന്നാംഘട്ട പ്രോജക്ടിലേക്ക്

വകയിരുത്തിയിട്ടില്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം വികസനഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 13.06.18 | 4,00,000 | ജലനിധി വിഹിതം | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 29.09.189 | 1,00,000 | കൂവപ്പള്ളി സ്റ്റേഡിയം നിർമ്മാണം | 99,017 | 983 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 13.07.18 , 04.09.18 | 18,21,508 | ലൈഫ് പദ്ധതി | 18,21,508 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 27.06.18 | 2,00,000 | അനുപൂരക പോഷകാഹാരം | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 25.07.18 | 40,100 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 40,100 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 27.07.18 | 2,12,122 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,12,122 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 31.10.18 | 47,776 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 47,776 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 29,09.18 | 1,50,000 | വണ്ടൻപാറ താരച്ചാലിൽ റോഡ് പുനരുദ്ധാരണം | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 01.10.18 | 5,00,000 | പാറത്തോട് പി.എച്ച്.സി. അടിസ്ഥാന സൗകര്യം | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 19.12.18 | 3,00,000 | കുരമറ്റം കോളനി റോഡ് പുനരുദ്ധാരണം | 2,51,729 | 48,271 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 19.12.18 | 2,00,000 | മുക്കാലി വേണാങ്കണ്ണി പടി റോഡ് | 1,98,287 | 1,713 |
| ജില്ലാ പഞ്ചായത്ത് | 27.07.18 | 2,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 19.01.19 | 25,95,021 | ലൈഫ് പദ്ധതി | 25,95,021 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | -- | 5,00,000 | ഇടക്കുന്നം പി.എച്ച്.സി. | -- | 5,00,000 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 31.10.18 | 4,00,000 | | | |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 7, 19 വാർഡുകളിലെ അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | 1,50,000 | 0 | 1,50,000 |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 5,76,504 | 0 | 5,76,504 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 7,78,092 | 0 | 7,78,092 |
| ഡിസ്ട്രിക്ട് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി | ഇടക്കുന്നം പി.എച്ച്.സി. എെ.പി.ബ്ലോക്ക് നിർമ്മാണം | 20,00,000 | 0 | 20,00,000 |
| എെ.ആർ.ടി. പാലക്കാട് | ഉറവിടമാലിന്യ സംസ്കരണം | 34,440 | 0 | 34,440 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശം | വായ്പയുടെ ഉത്തരവ് നമ്പർ | വായ്പ തുക | ബാങ്ക് അക്കൗണ്ട് നമ്പർ | തൻവർഷം എടുത്ത വായ്പ തുക | തൻ വർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ | 1,39,62,387 | എസ്.ബി.ഐ.-38061405879 | 1,39,62,387 | 1,60,000 | 1,38,02,387 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 1998-99 | 14,15,16,17 | 2002-03 | 5-9 (1) | പൊതുമരാമത്ത് പണി- ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് പണാപഹരണം നടത്തി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2002-03 | അദ്ധ്യായം 8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.07.02 ലെ എൽ.എഫ് 10763/ പി.ടി. 1/02 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2-A | 2016-17 | 1, അനുബന്ധം3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 A,B | 2016-17 | 2, അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5,2-6,2-7 | 2016-17 | 2, അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,72,62,946 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,67,41,235 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70,231 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 35,63,140 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 60,000 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 4,900 | ശ്രീ.ലിയോ എൽ.ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 5,331 | ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,85,850 | ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 4,41,000 | ശ്രീ.പത്മകുമാർ പി.ജി., വി.ഇ.ഒ. |

| | | |
|---|---|---|
| 3-8(1) | 14,38,886 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8(2) | 9,08,564 | ശ്രീ.ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 29,400 | ശ്രീമതി പ്രിയ എം.റ്റി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 | 34,440 | ശ്രീ.പത്മകുമാർ പി.ജി., വി.ഇ.ഒ. |
| 3-13 | 3,00,000 | ശ്രീ.അരുൺരാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-16 | 2,25,000 | ശ്രീ.പത്മകുമാർ പി.ജി., വി.ഇ.ഒ. |
| **ആകെ** | **35,63,140** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷുക്കൂർ മുഹമ്മദ് എം.എ., | അസിസ്റ്റന്റ് സെക്രട്ടറി, പാറത്തോട് ഗ്രാമപഞ്ചായത്ത് | മൻസിൽ കമാലിയ, കാഞ്ഞിരപ്പള്ളി പി.ഒ., കാഞ്ഞിരപ്പള്ളി, പിൻ-685607 |
| ശ്രീ.ലിയോ എൽ.ജോസ്, | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | ജോസ്‌വില്ല, മണ്ണടിക്കോണം, ഊരൂട്ടംപാലം പി.ഒ., പിൻ-695507 |
| ശ്രീ.ബെന്നി തോമസ്, | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., പാറത്തോട് ഗ്രാമപഞ്ചായത്ത് | ഇലഞ്ഞിമറ്റം, കൂട്ടിക്കൽ പി.ഒ., കൂട്ടിക്കൽ |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | എൽ.എഫ്.കെ.പി8/558/02/2.11.02/2.5.03 | | |
| 1999-00, 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.കെ.പി8/880/03/9.7.04/4.9.04 | 4 | |
| 2002.03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി13/1504(2)/15/ 31.03.16 | 4 | |
| 2003-04 | കെ.എസ്.എ- കെ.ടി.എം.പി13/1504(3)/15/22.03.16 | 5 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/ Ada/2018/204(7)/18/02.02.18 | 3 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി13/ | 3 | |

| | | | |
|---|---|---|---|
| | 1504(5)/15/22.03.16 | | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/ അദാ/18/204(8)/18/2.2.18 | 22 | |
| 2007-08 | കെ.എസ്.എ- കെ.ടി.എം.പി/13/695/11/17.09.12/2.10.12 | 32 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി/13/871/14/8.01.14 | 9 | |
| 2009-10 | എൽ.എഫ്.കെ.പി13/448/14/11.9.14 | 9 | |
| 2010-11,11-12 | എൽ.എഫ്.കെ.പി11അദാ/18/204(9)/18/2.2.18 | 16 | |
| 2012-13 | എൽ.എഫ്.കെ.പി1243/14/11.11.14 | 15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-13/ 1752/15/15.03.16 | 13 | |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി13/960/16/20.07.16 | 14 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/1739/ 16/23.5.17 | 11 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/990/17/29.11.17 | 20 | |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി11-936/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:11.07.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**